## ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളീയരുടെ പിന്നോക്കാവസ്ഥ

6 (1022) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളീയർ പിന്നോട്ട് പോകുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) നിരന്തര മൂല്യനിർണ്ണയത്തിലൂടെ കുട്ടികളിലെ ഗവേഷണ ത്വര പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം നേടിയെടുക്കാൻ ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ ;

(സി) ഉദ്ദേശ്യ ലക്ഷ്യങ്ങൾ എത്രമാത്രം നേടാനായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളം പിന്നോട്ടുപോയി എന്നു പറയാനാവില്ല. 2009-10-ൽ പ്രവേശന അനുപാതം (GER) 13.8 ആയിരുന്നത് 2010-11-ൽ 19.4 ലും 2014-15-ൽ 24%-ൽ കൂടുതൽ ആണ്. 2012-13-ൽ ഇന്ത്യയുടെ (GER) 18% ആയിരുന്നു. എന്നാൽ കേരളത്തിന്റേത് 21.9% ആണ്.

(ബി) യൂണിവേഴ്സിറ്റിയിൽ ബിരുദതലത്തിൽ വിദ്യാർത്ഥികളെ നിരന്തര മൂല്യ നിർണ്ണയത്തിന് വിധേയമാക്കുന്ന ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ മാതൃകയിലുള്ള പാഠ്യരീതി. വിദ്യാർത്ഥികളിലെ ഗവേഷണത്വര പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇന്റേണൽ പരീക്ഷകൾ, പ്രബന്ധാവതരണങ്ങൾ, സെമിനാറുകൾ, പ്രായോഗിക പരിശീലന പരിപാടികൾ, പ്രോജക്ടുകൾ, സയന്റിഫിക്ക് റിസർച്ച് മെത്തഡോളജി ക്ലാസുകൾ, ചർച്ചകൾ, സയന്റിഫിക്ക് റിപ്പോർട്ട് മുതലായവ പഠനപ്രക്രിയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികൾ പ്രാരംഭ ഘട്ടത്തിലാണെങ്കിലും ഉദ്ദേശ ലക്ഷ്യം ഒരു പരിധിവരെ നേടാനായിട്ടുണ്ട്.

## എയ്ഡഡ് മേഖലയിൽ ആർട്സ്, സയൻസ് കോളേജുകൾക്ക് അനുമതി

7 (1023) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് എയ്ഡഡ് മേഖയിൽ എത്ര ആർട്സ്, സയൻസ് കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് കോളേജുകൾ അനുവദിച്ചിട്ടുള്ളത് ; അനുവാദം നൽകിയ എത്ര കോളേജുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly